**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യിൽ കുടിശ്ശിക അദാലത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് നിലവിൽ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | കെ.എസ്.എഫ്.ഇ നടത്തുന്ന എല്ലാ ചിട്ടികൾക്കും നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 2021 ഫെബ്രുവരി 15 മുതൽ ആരംഭിക്കുന്ന ചിട്ടികളിൽ വരിക്കാരായി ചേരുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ നിബന്ധനകൾക്ക് വിധേയമായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്.എഫ്.ഇ. ചിട്ടിയിൽ ചേരുകയും ചിട്ടി പിടിക്കുകയും ചെയ്ത ചിറ്റാളർക്ക് മാരകമായ അസുഖം ബാധിക്കുകയോ മരണമടയുകയോ ചെയ്താൽ അത്തരത്തിലുള്ള ബാദ്ധ്യതകൾക്ക് കെ.എസ്.എഫ്.ഇ. ഇളവ് നൽകാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | കെ.എസ്.എഫ്.ഇ ചിട്ടിയിൽ ചേരുകയും ചിട്ടി പിടിക്കുകയും ചെയ്ത ചിറ്റാളന്മാർക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിച്ചാൽ അത്തരത്തിലുള്ള ബാധ്യതകൾക്ക് 2021 ഫെബ്രുവരി 15 മുതൽ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ അത്യാഹിത പരിരക്ഷ പദ്ധതി അനുസരിച്ച് ചിട്ടി പിടിച്ചെടുത്ത ശേഷം വരിക്കാരന്/ വരിക്കാരിക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ, ആ സമയത്ത് (1) വ്യക്തിയുടെ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത, (2) 40 വയസ്സിനു മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത നിബന്ധനകൾക്ക് വിധേയമായി കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. |
| (സി) | ചിട്ടിപിടിക്കുകയും ചിറ്റാളൻ മരണമടയുകയോ മാരക രോഗം ബാധിച്ച് കിടപ്പിലാകുകയോ ആയ എത്ര കുടിശ്ശികക്കാർ കെ.എസ്.എഫ്.ഇ. -ൽ ഉണ്ടെന്ന് വിശദമാക്കാമോ; | (സി) | ഇത്തരം കേസുകളുടെ കണക്കെടുപ്പ് പ്രത്യേകം നടത്തിയിട്ടില്ല. |
| (ഡി) | ആയത് തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുമോ? | (ഡി) | ഇപ്പോൾ ആലോചനയിലില്ല |

സെക്ഷൻ ഓഫീസർ